# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3550 24/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു. എം പാലിശ്ശേരി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | 2013 വർഷത്തിൽ ഇതുവരെ അട്ടപ്പാടിയിൽ എത്ര ആദിവാസി നവജാത ശിശുക്കളാണ് മരണപ്പെട്ടിട്ടുള്ളത്; ഈ കുട്ടികളുടെ മരണകാരണം എന്താണ്; | എ | അട്ടപ്പാടിയിൽ 2013 മേയ് 31 വരെ 30 നവജാത ശിശുക്കൾ മരണമടഞ്ഞു. ഗർഭിണികളായിരിക്കുമ്പോൾ മാതാക്കളുടെ പോഷകാഹാരക്കുറവ് മൂലം വേണ്ടത്ര വളർച്ച ഇല്ലാതെയും മാസം തികയാതെയും പ്രസവിച്ചതിനാലാണ് മരണം സംഭവിച്ചത്. |
| ബി | ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; | ബി | ആരോഗ്യ പ്രശ്നമായതിനാൽ ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാർ അന്വേഷണം നടത്തുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് എല്ലാ സങ്കേതങ്ങളും സന്ദർശിച്ച് അസുഖ ബാധിതരെ ആശുപത്രികളിലെത്തിച്ച് വിദഗ്ധ ചികിത്സ നൽകിയിരുന്നു. |
| സി | എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | സി | ആരോഗ്യ വകുപ്പ് അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**